DISPATCHED
22/06/2020
22.2.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1623*(2)/2016*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9910**/*എസ്.ഐ.സി-ജി 6/16*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.സോമൻ കെ.,
അരിമ്പാറ വീട്, തേവിശ്ശേരി പറമ്പ്,
ചെറിയവല്ലം തുരുത്ത്, നോർത്ത് പറവൂർ,
എറണാകുളം ജില്ല – 683 513. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, 4-ാം നില, വികാസ് ഭവൻ,
തിരുവനന്തപുരം – 695033.

2. അപ്പീൽ അധികാരി&
ജോയിന്റ് ഡയറക്ടർ,
പട്ടിക വികസന വകുപ്പ് ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം – 695 033.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.03.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28.04.2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.05.2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.09.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.08.2016 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.08.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## **ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സോമൻ കെ., 10.08.2016ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കു കയും ആയത് **AP.No.1623(2)/16/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തിക രമല്ലാത്തതിനാൽ സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നും ടിയാന് വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.03.2016ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 28.04.2016ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 18.05.2016ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 26.09.2016ന് മറുപടി നൽകിയതായും കാണുന്നു.

4. 22.03.2016ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും ഹർജിക്കാരൻ കമ്മീഷനിൽ സമർപ്പിച്ച കത്തിൽ പരാ മർശിച്ചിരിക്കുന്ന അപ്പീൽ ഹർജി സെക്ഷനിൽ ലഭിച്ചിരുന്നില്ല എന്നും ടിയാൻ സമർപ്പിച്ച അപ്പീലിന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുക ക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധി തമായി ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ ഒന്നാം അപ്പീലിന് നാളിതുവരെ യാതൊരു മറുപടിയും ലഭ്യമായി ല്ലെന്നാണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപ്പീൽ തീർപ്പാക്കി 26.09.2016ന് മറുപടി നൽകിയെന്നാണ്. എന്നാൽ ഹർജിക്കാ രന്റെ 22.03.2016ന് നൽകിയ അപേക്ഷയ്ക്ക് 28.04.2016നാണ് മറുപടി നൽകിയ തായി കാണുന്നത്. അതായത് 6 ദിവസത്തോളം കാലതാമസമുണ്ടായതായി കമ്മീഷൻ വിലയിരുത്തുന്നു. ഇത്തരം വീഴ്ചകൾ സംഭവിക്കാൻ പാടുള്ളതല്ല എന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് താക്കീതു നൽകുന്നു. **കൂടാതെ**

**<u>ടിയാന്റെ ഒന്നാം അപ്പീൽ തീർപ്പാക്കിയതിലും രണ്ടാം എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോദ്ധ്യമാകുന്നു. ആകയാൽ രണ്ടാം എതിർകക്ഷി ടി വിഷയത്തിന്മേൽ 7 ദിവസത്തിനകം വിശദീകരണം സമർപ്പിക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശം നൽകുന്നു.</u>**

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 22–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)